**A** | **GI 101**

# സമഗ്ര ശിക്ഷാ കേരളം
# വാർഷിക മൂല്യനിർണ്ണയം 2024-2025
## ഉദ്ഗ്രഥനം - ഒന്നാം ദിവസം

ക്ലാസ് : 1

---

### *അധ്യാപകർക്കുള്ള നിർദേശങ്ങൾ*

- മൂന്ന് ദിവസങ്ങളിലേക്കായി 13 പ്രവർത്തനങ്ങളാണ് തയാറാക്കിയിരിക്കുന്നത്.
- ഓരോ പ്രവർത്തനവും വിലയിരുത്തി നിലവാര സൂചിക (a, b, c, d, e) രേഖപ്പെടുത്തണം.
- ഓരോ പ്രവർത്തനത്തിനും ലഭിച്ച നിലവാര സൂചിക പരിഗണിച്ച് ശതമാനപ്പട്ടിക ഉപയോഗപ്പെടുത്തി വിഷയങ്ങൾക്കുള്ള ഓവറോൾ ഗ്രേഡ് (A, B, C, D, E) നൽകണം.
- ക്രയോണുകൾ എല്ലാ ദിവസവും കൊണ്ടുവരാൻ നിർദേശിക്കണം.
- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമായി നൽകേണ്ടതാണ്.

---

**പ്രവർത്തനം 1 - ആടാം, പാടാം, വരയ്ക്കാം, വായിക്കാം.**
**(മൂല്യനിർണയേതരം)**

**ആഖ്യാനം :**

പ്രിയപ്പെട്ട കുട്ടികളേ, ഇന്ന് നമുക്ക് ഒരു പുതിയ കൂട്ടുകാരിയെ പരിചയപ്പെടാം.

*അവൾ ഒന്നാം ക്ലാസുകാരിയാണ്. ഒരു കുഞ്ഞു പുള്ളിപ്പാവാടക്കാരി.*

*അവൾ നന്നായി പാട്ടുപാടും, ചിത്രം വരയ്ക്കും, കഥ പറയും.*

*അവൾക്ക് നമുക്കൊരു പേരിട്ടാലോ?. (ചില പേരുകൾ പറയാൻ അവസരം നൽകാം)*

*ടീച്ചർ അവൾക്കൊരു പേരു നൽകിയിട്ടുണ്ട്. ലതിക. ലതികയ്ക്ക് ഒരു ടീച്ചറുണ്ട്. ധാരാളം കഥകൾ പറയാറുള്ള, പാട്ടുകൾ പാടിക്കൊടുക്കുന്ന ടീച്ചറെ അവർ ടീച്ചറമ്മ എന്നാണ് വിളിക്കുക. ഒരു ദിവസം ടീച്ചറമ്മ ലതികയ്ക്ക് ഒരു സമ്മാനം കൊടുത്തു. എന്താണെന്നറിയാമോ? (ഊഹിച്ച് പറയട്ടെ)*

*ടീച്ചർ അവൾക്ക് നൽകിയത് ഒരു ചിത്രപുസ്തകമാണ്. നിങ്ങൾക്കത് കാണണ്ടേ?*

*ഒന്നാംദിവസത്തെ മൂല്യനിർണ്ണയ പ്രവർത്തനപുസ്തകം (എല്ലാ പ്രവർത്തനങ്ങളും ഒന്നിച്ച്) നൽകുന്നു. എല്ലാ പ്രവർത്തനവും നോക്കാൻ അവസരം നൽകുന്നു. തുടർന്ന് ചിത്രപുസ്തകത്തിന്റെ പേര് വായിക്കാൻ അവസരം നൽകുന്നു.*

**പ്രവർത്തനം 1**

*പുസ്തകത്തിന്റെ മുഖചിത്രത്തിന് ഉചിതമായ നിറം നൽകി മനോഹരമാക്കൂ.*

**പ്രവർത്തനം 2 - വായിക്കൂ, നിറം നൽകൂ.**

**പഠനലക്ഷ്യം : പാഠത്തിൽ നിന്ന് നിശ്ചിത വാക്യങ്ങൾ, പദങ്ങൾ, അക്ഷരങ്ങൾ എന്നിവ കണ്ടെത്തി വായിക്കുന്നു.**

**ആഖ്യാനം :**

ലതികയുടെ ചിത്രപുസ്തകത്തിലെ അടുത്ത പേജ് നോക്കൂ. അവിടെ എന്താണ് കാണുന്നത്?
ചിത്രവായനയ്ക്ക് അവസരം നൽകി വർക്ക്ഷീറ്റ് 2 അവതരിപ്പിക്കുന്നു.

*ടീച്ചറോട് : നക്ഷത്രത്തിന്റെ പ്രത്യേകതകൾ പറയിക്കാം.*

*ചിരിക്കുന്ന നക്ഷത്രം*

*വലിയ നക്ഷത്രം*

*പൂപോലെയുള്ള നക്ഷത്രം*

*കുഞ്ഞു നക്ഷത്രം.*

*തുടർന്ന് സൂചനകൾ സ്വയം വായിച്ച് നിറം നൽകാൻ നിർദേശിക്കണം.*

**വിലയിരുത്തൽ സൂചകങ്ങൾ**

| | |
|---|---|
| • നിർദേശങ്ങൾ വായിച്ച് നിറം നൽകിയാൽ | 4/3/2/1 പോയിന്റ് |
| • നിർദേശങ്ങൾ വായിച്ച് ചോദ്യത്തിന് ഉത്തരം നൽകിയാൽ | 1 പോയിന്റ് |

**പ്രവർത്തനം 3 - തരംതിരിക്കാം**

**പഠനലക്ഷ്യം : സഞ്ചാരമാർഗമനുസരിച്ച് വാഹനങ്ങളെ തരംതിരിക്കുന്നു**

**ആഖ്യാനം :**

ലതികയും ചിത്രത്തിന് നിറം നൽകി.

" ടീച്ചർ ഇനി ഒരു പാട്ടുപാടിത്തരാമോ"? ഋതിക ചോദിച്ചു.

" അതിനെന്താ. ഞാനൊരു പാട്ടുപാടാം.

നിങ്ങളും എന്റെ കൂടെ പാടണം".

ടീച്ചറോടൊപ്പം ഋതികയും കൂട്ടുകാരും പാട്ടുപാടി.

ടീച്ചർ ഓരോ കളിവണ്ടി കൈയിലെടുത്ത് പാടിയ പാട്ടുകേൾക്കണേ!

*പോം പോം പോം പോം വണ്ടി*
*സ്പീഡിൽ പായും വണ്ടി*
*റോഡിൽ പായും വണ്ടി*
*ഇത് മോട്ടോർ ബൈക്കെന്നൊരു വണ്ടി*
*ണിം ണിം ണിം ണിം വണ്ടി*
*പുകയില്ലാത്തൊരു വണ്ടി*
*റോഡിൽ പായും വണ്ടി*
*ഇത് സൈക്കിൾ എന്നൊരു വണ്ടി*
*മൂളിപ്പായും വണ്ടി*
*പറന്നു പോകും വണ്ടി*
*മാനത്താടും വണ്ടി*
*ഇത് വിമാനമെന്നൊരു വണ്ടി*

പാട്ടിൽ ഏതൊക്കെ വണ്ടികളെക്കുറിച്ചാണ് പറയുന്നത് ? (പ്രതികരണം)

എല്ലാ വാഹനങ്ങളും ഒരേ തരത്തിലുള്ളതാണോ?

എല്ലാ വാഹനങ്ങളും റോഡിലൂടെ മാത്രമാണോ പോകുന്നത്?

നിങ്ങളുടെ ചിത്രപുസ്തകത്തിൽ കാണുന്ന വാഹനങ്ങളെ തരംതിരിച്ചെഴുതാമോ? വർക്ക്ഷീറ്റ് 3 അവതരിപ്പിക്കുന്നു.

**വിലയിരുത്തൽ സൂചകങ്ങൾ**

- നിശ്ചിതമാനദണ്ഡങ്ങൾക്കനുസരിച്ച് ശരിയായി തരംതിരിച്ചാൽ 4/3/2/1 പോയിന്റ്
- വാഹനം തിരിച്ചറിഞ്ഞെഴുതിയാൽ 1 പോയിന്റ്

**പ്രവർത്തനം 4 - കളിവണ്ടി**

**പഠനലക്ഷ്യം : സംഖ്യകളെ താരതമ്യം ചെയ്യുന്നു. തുക കാണുന്നു.**

**ആഖ്യാനം :**

അടുത്ത പേജിൽ ഇങ്ങനെ എഴുതിയിരിക്കുന്നത് എന്താണ് ടീച്ചർ? ഋതികയ്ക്ക് സംശയം. "അത് വാഹനങ്ങളുടെ വില എത്ര രൂപയാണെന്ന് എഴുതിയിരിക്കുന്നതാ". ടീച്ചർ പറഞ്ഞു

വർക്ക്ഷീറ്റ് 4 അവതരിപ്പിക്കുന്നു.

**വിലയിരുത്തൽ സൂചകങ്ങൾ**

- ആദ്യത്തെ 3 പ്രശ്നങ്ങൾക്ക് ശരിയായി ഉത്തരം കണ്ടെത്തിയാൽ 3 പോയിന്റ്
- നാലാമത്തെ പ്രശ്നത്തിന് ഏതൊക്കെ നോട്ടുകൾ, നാണയങ്ങൾ എന്ന് കണ്ടെത്തിയാൽ 2 പോയിന്റ്

**പ്രവർത്തനം 5 - മുയൽ കണ്ട കാഴ്ചകൾ**

**പഠനലക്ഷ്യം : പരിചയപ്പെട്ട സ്വരാക്ഷരങ്ങളും വ്യഞ്ജനാക്ഷരങ്ങളും ചില്ലക്ഷരങ്ങളും കൂട്ടക്ഷരങ്ങളും പ്രയോജനപ്പെടുത്തി ലഘുവിവരണങ്ങൾ തയ്യാറാക്കുന്നു.**

**ആഖ്യാനം :**

*ഋതിക വീട്ടിലെത്തി. ചിത്രപുസ്തകം അമ്മയെ കാണിച്ചു. അമ്മ പുസ്തകത്തിന്റെ പേജുകൾ മറിച്ചുനോക്കി. ഇതെന്താ ഇവിടെ ഒന്നും എഴുതാതിരുന്നത്? അമ്മ ചോദിച്ചു.*

*ഇത് വീട്ടിൽ വച്ച് ചെയ്യാനാണ് ടീച്ചർ പറഞ്ഞത്. ഋതിക ചെയ്യാൻ ബാക്കിവച്ച ചിത്രപുസ്തകത്തിലെ പ്രവർത്തനം നോക്കൂ... പൂർത്തിയാക്കൂ... വർക്ക്ഷീറ്റ് 5 അവതരിപ്പിക്കുന്നു.*

**വിലയിരുത്തൽ സൂചകങ്ങൾ**

- സന്ദർഭത്തിന് അനുയോജ്യമായി ലഘുവിവരണം എഴുതിയാൽ 4/3/2/1 പോയിന്റ്
- വാക്യഘടന പാലിച്ച് അക്ഷരത്തെറ്റില്ലാതെ എഴുതിയാൽ 1 പോയിന്റ്